ലഭ്യമല്ലെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി 1500 രൂപ ഹോസ്റ്റൽ ഫീസാനുകൂല്യം നൽകിവരുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപന മേധാവിയുടെ നിർദ്ദേശം അനുസരിച്ചാണ് ഈ ആനുകൂല്യം നൽകിവരുന്നത്.

(11) ടൂറിസ്റ്റുകൾ അക്രമിക്കപ്പെട്ട സംഭവം

ശ്രീ. വി. ഡി. സതീശൻ : സർ, കഴിഞ്ഞ ദിവസം കൊല്ലം ജില്ലയിലെ ആര്യങ്കാവ് പഞ്ചായത്തിൽ ടൂറിസ്റ്റുകളായി വന്ന ഒരു കുടുംബത്തിലെ പിതാവിനെ ബന്ധനസ്ഥനാക്കി ക്രൂരമായി മർദ്ദിച്ചശേഷം ഭാര്യയെയും മകളെയും അവിടെത്തെ വനസംരക്ഷണ പ്രവർത്തകർ എന്നു പറയുന്ന കുറച്ച് ആളുകൾ മാനഭംഗപ്പെടുത്തിയെന്നുള്ള വാർത്തയുടെ സത്യാവസ്ഥ അന്വേഷിക്കണമെന്നാവശ്യപ്പെട്ട് ഞാൻ ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, വനം വകുപ്പും ഒരു അന്വേഷണം നടത്തുന്നുണ്ട്, പാരലലായിട്ട് ആഭ്യന്തര വകുപ്പും അന്വേഷിക്കുന്നുണ്ട്; അതിന്റെ വിവരം ഈ സഭയിൽ പറയാമെന്നു പറഞ്ഞിരുന്നു. എല്ലാ ദിവസവും പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. പക്ഷെ പറയുന്നില്ല.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : സർ, അന്വേഷണം രണ്ടും നടന്നു. ഒരു ഘട്ടം പൂർത്തിയായി. ഇവിടെ ഉന്നയിക്കപ്പെട്ടതുമാതിരി ഒരു സംഭവം ഉണ്ടായിട്ടുണ്ട്. പക്ഷെ അതുണ്ടായത് ഏതാനും മാസങ്ങൾക്ക് മുമ്പാണ്. അവിടെ വി.എസ്.എസ്സിന്റെ ദിവസക്കൂലിക്കാരായ ഗൈഡായി ജോലി ചെയ്യുന്ന മൂന്നു പേർ- മണികണ്ഠൻ, ഷാഹുൽ ഹമീദ്, ഉണ്ണിക്കൃഷ്ണൻ ഈ മൂന്നു ദിവസക്കൂലിക്കാർ ഏതാനും മാസം മുമ്പ് മണികണ്ഠന്റെ മൊബൈൽ ഫോണിൽ ഒരു ചിത്രം എടുത്തിട്ടുണ്ട്. സ്ത്രീകളുടെ ഒരു ചിത്രം എടുത്തിട്ടുണ്ട്. ആ ചിത്രത്തിൽ ഒരു സ്ത്രീ അർദ്ധനഗ്നയാണ്. അതുപിന്നെ മൊബൈൽ ഫോണിൽ കൈമാറി കൈമാറി പോയതായിട്ട് പറയപ്പെടുന്നുണ്ട്. എന്തായാലും വിഷയം ഗുരുതരമായതുകൊണ്ട് ഒട്ടും താമസമില്ലാതെ മൂന്നു ഗൈഡുമാരേയും വനം വകുപ്പ് പിരിച്ചുവിട്ടു കഴിഞ്ഞു. അതുമാത്രമല്ല പോലീസ് അവിടെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ കേസ് രണ്ടു വകുപ്പുകളിലായിട്ടാണ്. ഒന്ന്, ഐ.ടി. ആക്ടിന്റെ സെക്ഷൻ 66(ഇ)യും 67(എ) പ്രകാരവും Indecent representation of Women Act പ്രകാരം സെക്ഷൻ 4 പ്രകാരവുമാണ് കേസ് ബുക്ക് ചെയ്തിട്ടുള്ളത്. പരാതിക്കാരിയായ സ്ത്രീയെ കണ്ടെത്താൻ വേണ്ടി പോലീസ് ഇപ്പോൾ തമിഴ്നാടു പോലീസുമായി ബന്ധപ്പെടുന്നുണ്ട്. ആ സ്ത്രീയെ കണ്ടെത്തിക്കഴിഞ്ഞാൽ കൂടുതൽ ഗൗരവതരമായിട്ടുള്ള വകുപ്പുകൾ പ്രകാരമുള്ള റേപ്പ് ഉൾപ്പെടെയുള്ള കേസ് ബുക്ക് ചെയ്യാനുള്ള സാധ്യത നോക്കുന്നുണ്ട്. ഐ.പി.സി. 377 ചുമത്തുന്നതിനുള്ള സാധ്യതയും ആരായുന്നുണ്ട്. അന്വേഷണമിപ്പോൾ കൊല്ലം നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.യെ ഏല്പിച്ചുകഴിഞ്ഞിട്ടുണ്ട്. അന്വേഷണം ഡോട്ട് കോമിന്റെ കൈയിലുള്ള മാസ്റ്റർ സി.ഡി.യെപറ്റി ശ്രീ. വി. ഡി. സതീശൻ പറയുകയുണ്ടായി. അത് ലഭ്യമാക്കുന്ന കാര്യത്തിലും ഡിവൈ.എസ്.പി. ശ്രദ്ധിക്കുന്നുണ്ട്. അത് കിട്ടിക്കഴിഞ്ഞാൽ കുറച്ചുകൂടി മുൻപോട്ടു പോകാൻ പറ്റും. ഇതിനെ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഗൗരവപൂർവ്വം കാണും. ഇതിനകത്ത് വീഴ്ചയുണ്ടാകുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, വനം വകുപ്പ് ഇതിനെക്കുറിച്ച് അന്വേഷിക്കുന്നുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. വനം വകുപ്പ് അന്വേഷിച്ചിട്ടുള്ള റിപ്പോർട്ട് എന്താണ്? ഞങ്ങൾക്ക് കിട്ടിയ വിവരമനുസരിച്ച് വനംവകുപ്പിന്റെ റിപ്പോർട്ട് ഈ പ്രതികളെ സംരക്ഷിക്കുന്ന രീതിയിലാണ്. പോലീസാണ് അന്വേഷിച്ചിട്ട് ഈ കേസിൽ കുറ്റവാളികളുടെ പേരിൽ നടപടിയെടുക്കണമെന്ന നിലയിലേയ്ക്ക് നീങ്ങിയത്. അതിനെക്കുറിച്ച് അങ്ങ് പറയണം. മറ്റൊന്ന് പിരിച്ചുവിട്ട ഈ മൂന്നുപേരെ അവിടെ റിക്രൂട്ട് ചെയ്ത രീതിയെന്താണ്? ആ റിക്രൂട്ടിംഗ് രീതിയാണ് ഇതുപോലുള്ള തെറ്റായിട്ടുള്ള പ്രവണതയിലേക്ക് നീങ്ങിയിരിക്കുന്നത് എന്നുള്ളത് സത്യമാണ്. അതുകൊണ്ട് അവരെ എങ്ങനെ തെരഞ്ഞെടുത്തു എന്നുകൂടി ഒന്ന് പറയണം.

ശ്രീ. വി. ഡി. സതീശൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് വനം സംരക്ഷണ പ്രവർത്തകർ അർദ്ധനഗ്നയായ ഒരു സ്ത്രീയുടെ ഫോട്ടോ എടുത്തെന്നാണ്. അതിന്റ വിഷ്വൽ മാസ്റ്റർ സി.ഡി. ഫോറസ്റ്റിന്റെ വിജിലൻസ് ഉദ്യോഗസ്ഥൻ അന്വേഷണം ഡോട്ട് കോമിൽ നിന്നു വാങ്ങിച്ചു. ഞാനത് കണ്ടതാണ്. ബലം പ്രയോഗിച്ച് ആ സ്ത്രീകളെ അപമാനിക്കുകയാണ്. എന്നിട്ട് ഒരു ഫോട്ടോ എടുത്തു എന്നുള്ള രീതിയിലാണ് പറയുന്നത്. ..... (തടസം)..... മാനഭംഗം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിന് ഐ.ടി. ആക്ടനുസരിച്ചാണോ കേസെടുക്കുന്നത്. എന്താണ് ഈ പറയുന്നത്? .....(ബഹളം).....

ശ്രീ. ബിനോയ് വിശ്വം : സർ, ഇതിനകത്ത് ഈ സഭയുടെ വികാരം പൂർണ്ണമായി ഉൾക്കൊള്ളുന്ന ഗവൺമെന്റാണ് ഇവിടെയുള്ളത്. ഇതിനകത്ത് ആരെയും രക്ഷിക്കാൻ നീക്കം ഉണ്ടായിട്ടില്ല, ഉണ്ടാവുകയുമില്ല. വനം വകുപ്പ് റിപ്പോർട്ട് തന്നപ്പോൾ .... (ബഹളം).... ഞാനൊന്ന് പറയട്ടെ. എന്റെ കൈയിൽ റിപ്പോർട്ടുണ്ട്. വനംവകുപ്പ് രക്ഷിക്കാൻ ശ്രമിച്ചിട്ടില്ല. ആ റിപ്പോർട്ടിൽ ഈ ദിവസക്കൂലിക്കാരായ ഗൈഡുമാർ മോശമായി പെരുമാറിയെന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി : ആ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കാമോ?

ശ്രീ. ബിനോയ് വിശ്വം : തീർച്ചയായിട്ടും വയ്ക്കാം. എന്നുമാത്രമല്ല ആ ഗൈഡുമാരാരും ഇപ്പോൾ വന്നവരല്ല. റിപ്പോർട്ട് പ്രകാരം ഗൈഡുമാരെല്ലാം അവിടെ എട്ടും പത്തും കൊല്ലമായി വർക്കു ചെയ്യുന്നവരാണ്. അവരുടെ ഭാഗത്തു നിന്നോ, ആരുടെയെങ്കിലും ഭാഗത്തുനിന്നോ സ്ത്രീകൾക്കെതിരായിട്ടൊരു നീക്കമുണ്ടായാൽ അതിനെ ഗൗരവപൂർവ്വം കാണും. എന്നുമാത്രമല്ല .... (ബഹളം).... ഐ.പി.സി. സെക്ഷൻ 377 പ്രകാരമുള്ള കേസെടുക്കാൻ വേണ്ടി ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അതിന് വേണ്ടി ഗവൺമെന്റ് ശ്രമിക്കും. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു കുറ്റവാളിയെയും രക്ഷിക്കാനുള്ള നീക്കമുണ്ടാവില്ലെന്ന് സഭയ്ക്ക് ഉറപ്പുതരാം. .... (ബഹളം)....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : ഇപ്പോഴും അങ്ങ് ഇവരെ സംരക്ഷിക്കുന്ന രീതിയിലാണ്. ഇങ്ങനെയൊരു സംഭവമുണ്ടായിട്ട് ഈ സഭയിൽ ശ്രീ. വി. ഡി. സതീശൻ ഈ പ്രശ്നമുന്നയിച്ചിട്ട് ഇന്ന് ദിവസമെത്രയായി? അതുസംബന്ധിച്ച് ചിത്രങ്ങളടങ്ങുന്ന സി.ഡി. കിട്ടിയിട്ടുപോലും ഇപ്പോഴും എന്താ നടക്കുന്നത്. ഏതെങ്കിലും വിധത്തിൽ ചില കേസുകൾ എടുക്കാൻ പറ്റുമോയെന്ന് അങ്ങ് പരിശോധിക്കുമെന്നാണ് പറയുന്നത്. ഇതിന്റെ ഗൗരവം നിങ്ങൾ ഉൾക്കൊണ്ടിട്ടുണ്ടോ?

ശ്രീ. ബിനോയ് വിശ്വം : മനസ്സിലാക്കണം. വനം വകുപ്പിന്റെ റിപ്പോർട്ട് മിനിഞ്ഞാന്ന് വൈകുന്നേരം കിട്ടി. പോലീസ് റിപ്പോർട്ട് ഇന്നലെ ഉച്ചയ്ക്ക് കിട്ടി. ആ റിപ്പോർട്ട് പ്രകാരമുള്ള രേഖകൾ ഞാൻ ഇവിടെ പറഞ്ഞു. ഗവൺമെന്റിന് ഇതിനകത്ത് ഒരാളെയും രക്ഷിക്കാനുള്ള താല്പര്യമില്ല. രക്ഷിക്കാൻ പാടില്ല എന്നാണ് ഉറച്ച അഭിപ്രായം. അതിനകത്ത് ഉൾപ്പെട്ട സ്ത്രീകളെ കണ്ടെത്തിക്കഴിഞ്ഞാൽ... .....(ബഹളം)..... എടുത്തല്ലോ. ..... പറയാൻ സമ്മതിക്കണം. ഈ മൂന്നുപേരെയും കേരള സർക്കാർ അറസ്റ്റു ചെയ്തു. അവർ റിമാന്റിലാണ്. ഇനി ഇതിനേക്കാളും ഗൗരവതരമായ വകുപ്പുകളുടെ പേരിൽ കേസെടുക്കാൻ വേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നതാണ്. ഇതിനപ്പുറം എന്താണ് വേണ്ടത്.

V ധനകാര്യം

2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ : ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി അങ്ങേയ്ക്ക് വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അങ്ങേയ്ക്ക് തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടേയും കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകളുടെ നേരെ ഏഴാം നമ്പർ കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ധനാഭ്യർത്ഥന നമ്പർ XXXVII വ്യവസായങ്ങൾ

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ, വ്യവസായം എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ ഏഴാം നമ്പർ കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2010-11 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.